(ബി & സി) 23-1-1989-ലെ 24/89/ആകുവ. നം. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം പി. എസ്. സി. തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തുന്നത്. 27-7-2004-ൽ ബന്ധപ്പെട്ട അസോസിയേഷനുകളുമായിട്ട് സർക്കാർ സ്പെഷ്യൽ റൂൾ ഉണ്ടാക്കുന്നതു സംബന്ധിച്ചുള്ള ചർച്ച നടത്തുന്നതാണ്.

പിണറായി ഹെൽത്ത് സെന്റർ

143 [3537] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിണറായി ഹെൽത്ത് സെന്ററിൽ ഡോക്ടർമാർ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഔട്ട് പേഷ്യന്റായി രോഗികൾ എത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഔട്ട് പേഷ്യന്റായി രോഗികൾക്ക് പോലും ചികിത്സ ലഭ്യമല്ലാത്ത ഇപ്പോഴത്തെ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) പിണറായി ഹെൽത്ത് സെന്ററിൽ ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്തകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്തത് രോഗികൾക്കും ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ അടിയന്തിരമായി ഡോക്ടർമാരെ നിയമിക്കാൻ നടപടി എടുത്തുവരുന്നു.

കാസർഗോഡ് ജില്ലയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ

144 [3538] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ ആകെ എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 25 ഒഴിവുകളും ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 16 ഒഴിവുകളുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly